പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2718. — 14.12.2015 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ. കളെ പുതിയ കാല ഘട്ടത്തിന് അനുയോജ്യമായ കോഴ്സക ളോടെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു വെന്ന് വ്യക്തമാക്കുമോ; | (എ) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ നിർദ്ദേശ പ്രകാരമാണ്. ആയത് അനുസരിച്ച് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് നിർത്തലാക്കിയ ട്രേഡുകളും തൊഴിൽ ലഭ്യത ഇല്ലായെന്ന കാരണത്താൽ കേരള സർക്കാർ നിർത്തലാക്കിയ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡും, മികവിന്റെ കേന്ദ്രം പദ്ധതി പ്രകാരമുള്ള ട്രേഡുകൾക്കും പകരമായി അനുയോജ്യമായ ട്രേഡുകൾ വിവിധ ഐ.ടി.ഐ.കളിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഹയർസെക്കണ്ടറികളിലും കോളേജു കളിലും നടപ്പിലാക്കുന്ന അഡീഷണൽ സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം പോലെ ഐ.ടി.ഐ.കളിലെ കുട്ടികൾക്കും അഡീഷ ണൽ സ്കിൽ നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | (ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി ഐ.ടി.ഐ. കളിലെ കുട്ടികൾക്ക് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓയിൽ & റിഗ് മേഖലയിൽ അഡ്വാൻസ് സ്കിൽ നൽകുന്നതിനായി Enlighten Skill Program for Oil and Rig (ESPOIR) എന്ന സ്ഥാപനം അങ്കമാലിയിൽ പ്രവർത്തനം ആരംഭിച്ചു. ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ് ഓട്ടോമോട്ടീവ്, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിലും മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഐ.ടി.ഐ. കളിലെ കുട്ടികൾക്ക് Entrepreneurship Development ന് വേണ്ടി ആദ്യഘട്ടത്തിൽ കേരളത്തിലെ അഞ്ച് ഐ.ടി.ഐ. കളിൽ Entrepreneurship Development പ്രോഗ്രാം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ